## കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- ഗ്രാമവികസനം - ജീവനക്കാര്യം - ശ്രീ.അബ്ദുൾ റഊഫ് എം.കെ ജോയിന്റ് ബ്ലോക്ക് ഡവലപ്പ്മെന്റ് ആഫീസർ (റിട്ട) – ഗ്രാമവികസന വകുപ്പിൽ പ്രീ-സർവ്വീസ് ട്രെയിനിംഗിന് ശേഷം പോസ്റ്റിംഗിനായി കാത്തു നിന്ന കാലയളവ്, പ്ലാന്റേഷൻ കോർപ്പറേഷനിൽ ജോലി ചെയ്തിരുന്ന കാലയളവ് എന്നിവ പെൻഷനു വേണ്ടി മാത്രം പരിഗണിച്ച് പ്രത്യേക കേസായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സർക്കാർ ഉത്തരവ് (സാധാ) നമ്പർ 2925/2016/തസ്വഭവ, തിരുവനന്തപുരം, തീയതി, 21/10/2016

---

പരാമർശം :
1. ഗ്രാമവികസന കമ്മീഷണറുടെ 05/12/2013-ലെ 9906/Estt.B2/13/സി.ആർ.ഡി നമ്പർ നടപടി ക്രമം.
2. സ.ഉ. (സാധാ) നം. 1501/2015/ത.സ്വ.ഭ.വ,തിരുവനന്തപുരം,തീയതി 21/05/2015.
3. ശ്രീ.അബ്ദുൾ റഊഫ് എം.കെ, ജോയിന്റ് ബ്ലോക്ക് ഡവലപ്പ്മെന്റ് ആഫീസർ (റിട്ട) 15/07/2015,09/08/2016 എന്നീ തീയതികളിൽ സർക്കാരിൽ സമർപ്പിച്ച അപേക്ഷകൾ.

## ഉത്തരവ്

ഗ്രാമവികസന വകുപ്പിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II ആയി സർവ്വീസിൽ പ്രവേശിച്ച ശ്രീ.അബ്ദുൾ റഊഫ് പ്രീ-സർവ്വീസ് ട്രെയിനിംഗിന് ശേഷം പോസ്റ്റിംഗിനായി കാത്തു നിന്ന 16.07.1985 മുതൽ15.08.1985 വരെയുള്ള കാലയളവ് പ്രീ സർവ്വീസ് ട്രെയിനിംഗിന്റെ തുടർച്ചയായി പരിഗണിച്ചുകൊണ്ട് പരാമർശം (1) പ്രകാരം റഗുലറൈസ് ചെയ്തിരുന്നു. ടിയാൻ പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിൽ ജോലി ചെയ്ത കാലയളവ് ഗ്രാമ വികസന വകുപ്പിൽ യാതൊരു സേവനാനുകൂല്യങ്ങൾക്കും പരിഗണിക്കുന്നതല്ലെന്നും ഗ്രാമ വികസന വകുപ്പിൽ നിന്നും വിട്ടു നിന്ന കാലയളവ് മുൻകാല സേവനം നഷ്ടപ്പെടാതെ നോൺ ഡ്യൂട്ടിയായി ക്രമീകരിച്ചുകൊണ്ടും പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

ശ്രീ. അബ്ദുൾ റഊഫ്, പ്രീ-സർവ്വീസ് ട്രെയിനിംഗിന് ശേഷം പോസ്റ്റിംഗിനായി കാത്തു നിന്ന കാലയളവും പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിൽ ജോലി ചെയ്തിരുന്ന കാലയളവും മിനിമം പെൻഷന് പരിഗണിക്കണമെന്നാവശ്യപ്പെട്ട് ടിയാൻ പരാമർശം (3) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. അബ്ദുൾ റഊഫ്, ജോയിന്റ് ബ്ലോക്ക് ഡവലപ്പ്മെന്റ് ആഫീസർ(റിട്ട) ഗ്രാമവികസന വകുപ്പിൽ പ്രീ-സർവ്വീസ് ട്രെയിനിംഗിന് ശേഷം പോസ്റ്റിംഗിനായി കാത്തു നിന്ന ഒരു മാസവും, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിൽ ജോലി ചെയ്തിരുന്ന 10.04.1990 മുതൽ 20.07.1990 വരെയുള്ള 102 ദിവസവും, പെൻഷനു വേണ്ടി മാത്രം ഒരു പ്രത്യേക കേസായി പരിഗണിച്ച് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**റ്റി. പി. വിജയകുമാർ**
**സ്പെഷ്യൽ സെക്രട്ടറി**

ശ്രീ.അബ്ദുൾ റഊഫ് എം.കെ,ജോയിന്റ് ബ്ലോക്ക് ഡവലപ്പ്മെന്റ് ആഫീസർ (റിട്ട),
റ്റി.സി. 26/646(4),ചെമ്പക നഗർ,ഊറ്റുകുഴി റോഡ്, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ. തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്(അ.ഔ.ക. നം. Dev1/283/2015 Fin. Dated 19/01/2016.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്.
ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ